**ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം**
**പ്രവർത്തന രൂപരേഖ (ചുരുക്കത്തിൽ)**
**2022 ആഗസ്റ്റ് - 2023 ഫെബ്രുവരി**

---

**“ഏവർക്കും വിദ്യാഭ്യാസം”**
**എന്നെന്നും വിദ്യാഭ്യാസം”**

1998 ൽ കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നിലവിൽ വന്നതോടെ സംസ്ഥാനത്ത് സാക്ഷരതാനന്തര തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കേരളത്തിലെ സാക്ഷരതാപ്രവർത്തനങ്ങൾക്ക് സർക്കാർ മികച്ച രീതിയിലുള്ള പിന്തുണയും സാമ്പത്തികസഹായവും നൽകിവരുന്നു. പന്ത്രണ്ട് വർഷങ്ങൾക്കുശേഷം ദേശീയ സാക്ഷരതാമിഷൻ കേരളത്തിന് അനുവദിച്ച പദ്ധതിയാണ് **‘പഢ്ന ലിഖ്ന അഭിയാൻ’.** തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് എന്നീ അഞ്ച് ജില്ലകളിൽ കേന്ദ്രസർക്കാരിന്റെയും കേരളസർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം കേന്ദ്രസർക്കാർ കേരളത്തിന് അനുവദിച്ച പുതിയ പദ്ധതിയാണ് **‘ ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം’**. ഈ പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കുന്നു.

ആദിവാസി വിഭാഗങ്ങൾ, ട്രാൻസ്ജൻഡർ-ക്വീയർ വിഭാഗങ്ങൾ, തീരദേശമേഖലയിലുള്ളവർ, ന്യൂനപക്ഷങ്ങൾ, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലയിൽ പലവിധ കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസത്തിന് പുറത്ത് നിൽക്കേണ്ടിവന്ന മുഴുവൻ പേർക്കും വിദ്യാഭ്യാസത്തിന് അവസരമൊരുക്കിക്കൊണ്ടാണ് ‘ ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം’ നടപ്പിലാക്കുന്നത്.

## ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം (NILP) സംക്ഷിപ്ത വിവരങ്ങൾ

- പദ്ധതിതുക-**1,99,82,300,**
  കേന്ദ്രവിഹിതം- **1,19,89,380,**
  കേരളവിഹിതം- **79,92,920.**
- ലക്ഷ്യം - 14 ജില്ലകളിലായി **15** വയസിനുമുകളിലുള്ള 85,000 നിരക്ഷരരെ ആദ്യവർഷം സാക്ഷരരാക്കുക.
- കാലാവധി - 2022-23 മുതൽ 2026-27.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘാടകസമിതികൾ രൂപീകരിച്ചുള്ള പ്രവർത്തനം. ഘടന അനുബന്ധം 2 .
- ദേശീയ സാക്ഷരതാമിഷന്റെ മാർഗനിർദേശങ്ങൾ പ്രകാരം 8-10 പഠിതാക്കൾക്ക് ക്ലാസ്സെടുക്കാൻ 10 ാം ക്ലാസ്സ് വിദ്യാഭ്യാസമുള്ള ഒരു സന്നദ്ധ അധ്യാപക/ അധ്യാപകൻ.
- പദ്ധതിയിൽ ഇവർക്ക് പ്രതിഫലം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല.
- സാക്ഷരതാമിഷൻ പരിഷ്കരിച്ച് തയ്യാറാക്കിയ പാഠപുസ്തകത്തെ അടിസ്ഥാനമാക്കി സാക്ഷരതാക്ലാസ്സുകൾ.
- ക്ലാസ്സുകളുടെ ദൈർഘ്യം-120 മണിക്കൂർ.
- പഠിതാക്കളുടെ സൗകര്യാർത്ഥം ഓൺലൈൻ/ഓഫ്ലൈൻ രീതിയിൽ ക്ലാസ്സുകൾ.

**മറ്റ് ഘടകങ്ങൾ**

(1) അടിസ്ഥാനസാക്ഷരതയും ഗണിതവും

(2) ജീവിത നൈപുണിവികസനം

(3) തൊഴിലധിഷ്ഠിത നൈപുണിവികസനം

(4) അടിസ്ഥാന വിദ്യാഭ്യാസം

(5) തുടർവിദ്യാഭ്യാസം

♦ ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായുള്ള ധനവിനിയോഗം പിഎഫ്എംഎസ് (പബ്ലിക്ക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം) പോർട്ടൽ വഴി.

♦ എല്ലാ ജില്ലാഓഫീസുകളും പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

♦ സീറോ ബാലൻസ് സബ്സിഡിയറി അക്കൗണ്ട്സ് എന്ന പേരിൽ സേവിംങ്ങ്സ് അക്കൗണ്ടായി കാനറ ബാങ്കിൽ തന്നെ അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

♦ തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിക്കാം.

♦ പിഎഫ്എംഎസ് പോർട്ടൽ എടുത്ത് പരിശോധിച്ചാൽ അക്കൗണ്ട് ബാലൻസ് അറിയാനാകും.

## ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം (NILP) പ്രവർത്തനങ്ങൾ

♦ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറിമാരുടെ യോഗം ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കും.

♦ മുഖ്യമന്ത്രി അധ്യക്ഷനായി തദ്ദേശസ്വയംഭരണസ്ഥാപന പ്രസിഡന്റുമാർ, സെക്രട്ടറിമാർ, കളക്ടർമാർ എന്നിവർ പങ്കെടുക്കുന്ന ഒരു യോഗം വിളിച്ചു ചേർത്ത് പദ്ധതിയുടെ വിശദാംശങ്ങളും ചർച്ച നടത്തും.

♦ മുഖ്യമന്ത്രി ചെയർമാനായ ജനറൽ കൗൺസിലും പൊതുവിദ്യാഭ്യാസമന്ത്രി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്ന് പദ്ധതിയുടെ പ്രാധാന്യം വിശദീകരിക്കും.

**സംഘാടക സമിതി- ചർച്ചാസൂചകങ്ങൾ**

**(1)** പദ്ധതി വിശദീകരണം
**(2)** പഠിതാക്കളെ കണ്ടെത്തൽ
**(3)** വോളണ്ടറി ടീച്ചർമാരെ നിയോഗിക്കൽ
**(4)** വോളണ്ടറി ടീച്ചർ പരിശീലനം
**(5)** ക്ലാസ്സുകളുടെ സംഘാടനം
**(6)** പ്രചാരണത്തിനായി ചെറിയ വീഡിയോ (3 മിനിട്ട്)
**(7)** ബ്രോഷർ (ലളിതമായ ഭാഷയിൽ നാല് പേജ്)
**(8)** പവർപോയിന്റ് പ്രസന്റേഷൻ (സാധ്യമാകുന്ന സ്ഥലങ്ങളിൽ)
**(9)** കാനറബാങ്കിൽ സേവിംഗ്സ് അക്കൗണ്ട് എടുക്കൽ
**(10)** പി.എഫ്.എം.എസ് മായി ലിങ്ക് ചെയ്യുന്നത്

**ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിൽ പ്രത്യേകം ഊന്നൽ നൽകേണ്ട ജനവിഭാഗങ്ങൾ.**

**(1)** പട്ടികജാതി വിഭാഗങ്ങൾ (15%)
**(2)** പട്ടിക വർഗ വിഭാഗങ്ങൾ (5%)
**(3)** ന്യൂനപക്ഷ വിഭാഗങ്ങൾ (31 %)
**(4)** ഇതര സാമൂഹിക വിഭാഗങ്ങൾ (49%)
**(5)** മേൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ ആകെ സ്ത്രീകൾ (79%)
**(6)** ആകെ പുരുഷന്മാർ (21 %)

മേൽ സൂചിപ്പിച്ച വിഭാഗങ്ങളിലുള്ള നിരക്ഷരരെ ഓരോ വാർഡിൽ നിന്നും സർവ്വേ നടത്തി കണ്ടെത്തുക എന്നത് വളരെ പ്രധാനപ്പെട്ട പ്രവർത്തനമാണ്.

**പഠിതാക്കളെ കണ്ടെത്തുന്നതിനുള്ള മുന്നൊരുക്കങ്ങൾ**

♦ മേൽ സൂചിപ്പിച്ച വിഭാഗത്തിൽപ്പെട്ട നിരക്ഷരർ ഏറ്റവും കൂടുതൽ ഉണ്ടാവാൻ ഇടയുള്ള പ്രദേശങ്ങളിലെ പൊതുപ്രവർത്തകർ/മത-സമുദായിക പ്രവർത്തകർ എന്നിവരെ വാർഡ്തല സംഘാടക സമിതിയിൽ ഉൾപ്പെടുത്തി നിരക്ഷരരുടെ അധിവാസമേഖലകളുടെ പട്ടികതയ്യാറാക്കുക.

♦ **സർവേ ടീം അംഗങ്ങളുടെ മീറ്റിങ്ങ്**

പഠിതാക്കളെ കണ്ടെത്തുന്നതിന് അതത് മേഖലകളിൽ നിന്ന് ചുമതലപ്പെടുത്തിയ സർവേ ടീം അംഗങ്ങൾക്ക് സർവേ നടത്തുന്നത് എന്തിനു വേണ്ടിയാണെന്നും ആരെയാണ് സർവേ ചെയ്യേണ്ടതെന്നുമുള്ള ധാരണ ഉണ്ടാകുന്നതിന് വാർഡുകളിൽ ഒരു ടീമിനെ നിയോഗിച്ച് വാർഡ്തല സംഘാടകസമിതി ഇതിന് പിന്തുണ നൽകണം. അവരുടെ മീറ്റിംഗ് സർവേയ്ക്ക് മുന്നോടിയായി നടത്തണം.

♦ **സർവേ**

മേൽ സൂചിപ്പിച്ച മുന്നൊരുക്കങ്ങൾക്കുശേഷം ഒക്ടോബർ 2-ാം തീയതി സർവേ സംഘടിപ്പിക്കണം. സർവേ ടീം അംഗങ്ങൾ മൂന്ന് ടീമുകളായി തിരിഞ്ഞ് മുൻകൂട്ടി നിശ്ചയിച്ച വീടുകൾ സന്ദർശിച്ച് നിരക്ഷരരുടെ പേര് വിവരങ്ങൾ സർവേ ഫോറത്തിൽ രേഖപ്പെടുത്തണം.

♦ **സർവേ ക്രോഡീകരണം**

**(1)** നിരക്ഷരരെ 8 മുതൽ 10 പേർ വീതം അടങ്ങുന്ന ഒരു സാക്ഷരതാക്ലാസ്സ് എന്ന നിലയിൽ പരിഗണിച്ചുകൊണ്ട് സർവേ ഫോറങ്ങൾ ഒരു സെറ്റാക്കി ടാഗ് ചെയ്ത് സൂക്ഷിക്കുക.

**(2)** പ്രതീക്ഷിക്കുന്ന സാക്ഷരതാക്ലാസ്സുകളുടെ എണ്ണം, ആകെ എത്ര പഠിതാക്കൾ (സ്ത്രീ/പുരുഷൻ/ട്രാൻസ്ജൻഡർ/എസ്.സി./എസ്.ടി./ന്യൂനപക്ഷം/ഭിന്നശേഷി/ മറ്റുള്ളവർ)എന്ന കണക്ക് മാത്രം ക്രോഡീകരിച്ച് വാർഡ് മെമ്പറെ ഏൽപ്പിക്കുക. സർവേ ഫോറങ്ങൾ വോളണ്ടറി ടീച്ചറെ നിയമിക്കുമ്പോൾ അവർക്ക് കൈമാറുക.

**(3)** വാർഡ് മെമ്പറിൽ നിന്ന് ക്രോഡീകരണത്തിന്റെ വിശദാംശങ്ങൾ പ്രേരക് ചുമതലയുള്ളവർ വാങ്ങി പഞ്ചായത്ത് തലത്തിലുള്ള ക്രോഡീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. തുടർന്ന് ജില്ലാതല ക്രോഡീകരണവും സംസ്ഥാന തലക്രോഡീകരണവും സർവേ റിപ്പോർട്ട് പ്രകാശനവും നടത്തുന്നതാണ്.

♦ **വാർഡ്തല റിസോഴ്സ് പേഴ്സൺമാർ**

റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുമ്പേൾ എസ്.സി, എസ്.ടി, സ്ത്രീ, ന്യൂനപക്ഷം എന്നീ വിഭാഗങ്ങളിലുള്ളവരെ നിർബന്ധമായും ഉൾപ്പെടുത്തണം.

വാർഡ്തല റിസോഴ്സ്പേഴ്സൺമാരുടെ കർത്തവ്യങ്ങൾ ചുവടെ ചേർക്കുന്നു.

**(1)** വാർഡ്തല സംഘാടകസമിതി രൂപീകരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് വാർഡ് മെമ്പറെ സഹായിക്കുക.

**(2)** സർവേ പ്രവർത്തനങ്ങൾക്ക് വാർഡ്തലത്തിൽ നേതൃത്വം നൽകുക.

**(3)** വാർഡ്തല സർവേ ക്രോഡീകരണങ്ങൾക്ക് സഹായിക്കുക.

**(4)** വോളണ്ടറി ടീച്ചർമാരെ കണ്ടെത്താൻ സഹായിക്കുക.

(5) സാക്ഷരതാക്ലാസുകളുടെ ഏകോപനവും വോളണ്ടറി ടീച്ചർമാർക്ക് ആവശ്യമായ പിന്തുണാസംവിധാനങ്ങളും ഉറപ്പാക്കുക.

♦ **സന്നദ്ധ അധ്യാപകരുടെ പരിശീലനം**

വാർഡ്തലത്തിൽ വോളണ്ടറി ടീച്ചർമാരെ നിയോഗിച്ചു കഴിഞ്ഞാലുടനെ ഇവർക്കായി പഞ്ചായത്ത്തലത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കും. പദ്ധതിയുടെ വിശദാംശങ്ങൾ, മുതിർന്ന പഠിതാക്കളോടുള്ള സമീപനം, പാഠപുസ്തകം പരിചയപ്പെടുത്തൽ എന്നിവയാണ് പരിശീലന വിഷയങ്ങൾ.

♦ **സാക്ഷരതാക്ലാസുകൾ**

സാക്ഷരതാമിഷൻ തയ്യാറാക്കിയ സാക്ഷരതാപാഠപുസ്തകത്തെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പഠനസഹായി ഉപയോഗിച്ച് പഠിപ്പിക്കാം. ജീവിത നൈപുണ്യപരിശീലനവും ലഭ്യമാക്കും.

♦ **മറ്റ് ക്ലാസുകളും പരിശീലനങ്ങളും** - ഡിജിറ്റൽ-സാമ്പത്തിക-നിയമ സാക്ഷരതാക്ലാസുകൾ, ഡിസാസ്റ്റർ മാനേജ്മെന്റ്, ശിശുപരിചരണം, ന്യൂട്രീഷ്യൻ- ആരോഗ്യ- ശുചിത്വ- പരിസ്ഥിതി സാക്ഷരതാക്ലാസുകൾ, വാണിജ്യവൈദഗ്ധ്യം, കുടുംബക്ഷേമം,എക്സർസൈസ്, യോഗ, ലഹരിവിരുദ്ധ ക്ലാസുകൾ, ഫസ്റ്റ് എയ്ഡ്, റോഡ് ട്രാഫിക് , ആക്സിഡന്റ് മാനേജ്മെന്റ്, വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കൽ, ആധാർ കാർഡ് തുടങ്ങിയ വിഷയങ്ങളും പഠനവിധേയമാകും

♦ **സാക്ഷരതാപരീക്ഷ - (മികവുത്സവം)**

2023 ജനുവരി 22 ഞായറാഴ്ചയാണ് മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള മികവുത്സവം നടത്തുക. പഠിതാക്കളുടെ സൗകര്യപ്രദമായ സമയത്ത് പരീക്ഷ എഴുതാനുള്ള അവസരം ഉണ്ടായിരിക്കും. അതത് പഠനകേന്ദ്രത്തിൽത്തന്നെ ആയിരിക്കും പരീക്ഷയും നടത്തുന്നത്.

♦ **പ്രേരക്മാർ, എസ് സി/ എസ് ടി പ്രൊമോട്ടർമാരുടെ ചുമതലകൾ**

♦ പ്രേരക്മാർക്ക് ആയിരിക്കും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ പദ്ധതിയുടെ സംഘാടന ചുമതല.

♦ പട്ടികജാതി കോളനികളിലെ സാക്ഷരതാപ്രവർത്തനങ്ങളുടെ സംഘാടനവും മേൽനോട്ട ചുമതലയും എസ് സി പ്രൊമോട്ടർമാർ വഹിക്കേണ്ടതാണ്.

♦ പട്ടികവർഗമേഖലകളിൽ നടക്കുന്ന സാക്ഷരതാപ്രവർത്തനങ്ങളുടെ സംഘാടനത്തിന്റെയും മേൽനോട്ടത്തിന്റെയും ചുമതല എസ് റ്റി പ്രൊമോട്ടർമാർ വഹിക്കേണ്ടതാണ്.

♦ **തുല്യതാഅധ്യാപകരുടെ ചുമതലകൾ**

സാക്ഷരതാമിഷന്റെ പത്താംതരം, ഹയർസെക്കൻഡറി തുല്യതാകോഴ്സ് അധ്യാപകർ ഈ പദ്ധതിയിൽ ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ എന്ന നിലയിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്.

♦ **യോഗങ്ങൾ/പരിശീലനങ്ങൾ**

**(1)** പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാസ്റ്റാഫിന് ഏകദിന പരിശീലനം.

**(2)** ജില്ലാതലത്തിൽ സെക്രട്ടറിമാരുടെ യോഗവും പരിശീലനവും.

**(3)** പദ്ധതി നടപ്പിലാക്കുന്ന 14 ജില്ലകളിലേയും പ്രേരക്മാർക്ക് ഏകദിനപരിശീലനം.

**(4)**അധ്യാപകർക്ക് പരിശീലനം.

**(5)**വാർഡ്റിസോഴ്സ്പേഴ്സൺമാരുടെ പരിശീലനം.

**(6)** സർവേ ടീം അംഗങ്ങളുടെ പരിശീലനം വാർഡ്തലത്തിൽ

**(7)** വോളണ്ടറി ടീച്ചർമാരുടെ ഏകദിന പരിശീലനം.

**(8)** എസ് സി പ്രൊമോട്ടർമാരുടെ യോഗവും പരിശീലനവും.

**(9)** എസ് ടി പ്രൊമോട്ടർമാരുടെ യോഗവും പരിശീലനവും.

**മോണിറ്ററിംഗ്**- ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാന സാക്ഷരതാമിഷൻ പ്രതിനിധികൾ ജില്ലാ,ബ്ലോക്ക്,വാർഡ്തല സാക്ഷരതാസമിതികൾ മുഖേന മോണിറ്ററിംഗ് നടത്തും.

**ഡോക്യുമെന്റേഷൻ-** പ്രദേശികതലം മുതൽ സംസ്ഥാനതലം വരെയുള്ള പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തും.

**പ്രചരണം** - പ്രചരണം വർധിപ്പിക്കുന്നതിന് സംസ്ഥാന സാക്ഷരതാമിഷൻ അസി.ഡയറക്ടർ/ അസി.എഡിറ്റർമാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്റ്റേറ്റ് തലത്തിലും അസി. കോ-ഓർഡിനേറ്റർ, ഓഫീസ് സ്റ്റാഫിന്റെ നേതൃത്വത്തിൽ ജില്ലാതലത്തിലും പ്രാദേശിക തലത്തിലും ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള പത്രമാധ്യമങ്ങളിലും ടെലിവിഷൻ ചാനലുകളിലൂടെയും യൂട്യൂബ്/ഫേസ്ബുക്ക്/ വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം, ടെലഗ്രാം, ഷെയർചാറ്റ്, ടിറ്റർ തുടങ്ങിയ സോഷ്യൽ മീഡിയകൾ വഴിയും എഫ് എം റേഡിയോ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെയും ക്ലാസ്സുകളും പദ്ധതിയുടെ പ്രചരണവും ശക്തമാക്കും.

അനുബന്ധം - 2

## ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം (NILP)
## ഓരോ ജില്ലയിലും സാക്ഷരരാക്കേണ്ടവരുടെ എണ്ണം

| Sl No | ജില്ല | ആകെ | സ്ത്രീകൾ | പുരുഷൻ | SC | ST | ന്യൂനപക്ഷം | ജനറൽ മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 6,000 | 4,800 | 1,200 | 1,580 | 220 | 1,800 | 2,400 |
| 2. | Kollam | 10,000 | 7,800 | 2,200 | 2,800 | 550 | 3,000 | 3,650 |
| 3. | Pathanamthitta | 2,000 | 1,600 | 400 | 350 | 120 | 1,000 | 530 |
| 4. | Alappuzha | 5,000 | 3,750 | 1,250 | 900 | 30 | 1,000 | 3,070 |
| 5. | Kottayam | 1,500 | 1,200 | 300 | 170 | 10 | 800 | 520 |
| 6. | Idukki | 5,000 | 3,750 | 1,250 | 900 | 800 | 1,000 | 2,300 |
| 7. | Ernakulam | 5,000 | 3,750 | 1,250 | 600 | 30 | 1,200 | 3,170 |
| 8. | Thrissur | 8,000 | 6,400 | 1,600 | 750 | 110 | 2,100 | 5,040 |
| 9. | Palakkad | 8,000 | 6,400 | 1,600 | 1,200 | 1,100 | 1,600 | 4,100 |
| 10. | Malappuram | 8,000 | 6,400 | 1,600 | 900 | 150 | 5,500 | 1,450 |
| 11. | Kozhikode | 7,000 | 5,600 | 1,400 | 850 | 100 | 1,500 | 4,550 |
| 12. | Wayanad | 1,500 | 1,200 | 300 | 150 | 900 | 150 | 300 |
| 13. | Kannur | 9,000 | 7,200 | 1,800 | 700 | 250 | 2,500 | 5,550 |
| 14. | Kasaragod | 9,000 | 7,200 | 1,800 | 900 | 210 | 3,000 | 4,890 |
| | **TOTAL** | **85,000** | **67,050** | **17,950** | **12,750** | **4,580** | **26,150** | **41,520** |